

# സഭ പ്രേഷിത സമൂഹം

10

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# പാഠം 8

# സഭയും ജീവകാരുണ്യ പ്രവർത്തനങ്ങളും



“ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെ യാണു ചെയ്തുതന്നത് ”. (മത്താ. 25:34–36) ഈ സുവിശേഷഭാഗം ജീവകാരുണ്യ പ്രവർത്ത നങ്ങൾ നടത്താനുള്ള ക്ഷണമല്ല; പ്രത്യുത, ദരി ദ്രരിലുള്ള ഈശോയുടെ സവിശേഷസാന്നിധ്യം തിരിച്ചറിഞ്ഞ് അവരെ സ്നേഹിക്കണമെന്നുള്ള അതിശക്തമായ പ്രബോധനമാണ്.

# പ്രവർത്തനനിരതമാകുന്ന വിശ്വാസം

പാപികളേയും രോഗികളേയും പീഢിതരേയും തേടിവരികയും അവർക്കു നന്മചെയ്തുകൊണ്ടു കട ന്നുപോവുകയും ചെയ്ത ഈശോയുടെ മുഖം ലോക ത്തിനു കാണിച്ചുകൊടുക്കാനും അവരിൽ ഈശോ യുടെ മുഖം കണ്ടുകൊണ്ട് അവരെ ആദ്ധ്യാത്മികവും ഭൗതികവുമായി ഉയർത്തുവാനും സഭ ചെയ്യുന്ന ശുശ്രൂഷകളാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾ.

സ്നേഹത്തിലൂടെ പ്രവർത്തനനിരത മാകുന്ന വിശ്വാസമാണു സുപ്രധാനം. ദൈവവചനത്തിന്റെ കാതൽ സ്നേഹമാണ്. സ്നേഹിക്കുന്നവൻ അപരന്റെ ആവശ്യങ്ങൾ സ്വന്തമെന്നപോലെ കാണും. വേദനിക്കുന്നവരുടെ നേരെ കണ്ണടയ്ക്കാൻ അവനു സാധിക്കില്ല.

വിശ്വാസത്തിന്റെ പ്രതിഫലനമാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾ.

ജീവകാരുണ്യ പ്രവർത്തനങ്ങൾ ഒരുവന്റെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടിയുള്ള നിരന്തരമായ സമർപ്പണമാണ്.

ഉദാ:- ഫാ. ഡാമിയൻ, വാ. മദർ തെരേസ തുടങ്ങിയവർ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഉജ്ജ്വല മാതൃകകളായി ശോഭിക്കുന്നു.

# സഭയുടെ ജീവകാരുണ്യ പ്രവർത്തനത്തിനടിസ്ഥാനം

ഈശോ നൽകിയ മാതൃകയും, പ്രബോധനങ്ങളുമാണു സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നത്.

ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നവനാണു നല്ല അയൽക്കാരൻ എന്ന് നല്ല സമരായന്റെ ഉപമയിലൂടെ പഠിപ്പിച്ച ഈശോ അതുപോലെ ചെയ്യുവാൻ നമ്മോടാവശ്യപ്പെടുന്നു (ലൂക്ക. 10:25-37). ശ്ലീഹന്മാരും ജീവകാരുണ്യ പ്രവർത്തികൾ ചെയ്യാൻ ആദിമസഭയെ പരിശീലിപ്പിച്ചു.

# സഭയുടെ പ്രബോധനം

ജീവകാരുണ്യ പ്രവർത്തനത്തിൽ സഭ യ്ക്കുള്ള പങ്കിനെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്ന അപ്പസ്തോലിക പ്രബോധനങ്ങൾ നിരവധിയാണ്.

“അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ വിശക്കുന്നവന്റേയും, വസ്ത്രം നഗ്നന്റേയും, പാദുകങ്ങൾ നിഷ്പാദുകന്റേയുമാണ്”– വി.–ബേസിൽ

# സഭയുടെ പ്രബോധനം

റേരും നൊവാരും, മാതാവും ഗുരുനാ
ഥയും, ഭൂമിയിൽ സമാധാനം, മാനവ പുരോഗതി
തുടങ്ങിയ സഭയുടെ സാമൂഹിക പ്രബോധന
ങ്ങളിലെല്ലാം നീതിയിലും സ്നേഹത്തിലും
വ്യക്തിസ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ മാന
വപുരോഗതിക്കായി പരിശ്രമിക്കാൻ സഭ ആഹ്വാ
നം ചെയ്യുന്നു.

# സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ

1. അനാഥരും കുടുംബങ്ങളിൽനിന്ന് തിരസ്കരിക്കപ്പെട്ടവരുമായ കുട്ടികളും മുതിർന്നവരും
2. മക്കളുടെയും ബന്ധുജനങ്ങളുടേയും സാന്നിദ്ധ്യമോ, സഹായമോ ലഭിക്കാതെ ബുദ്ധിമുട്ടുന്ന വയോവൃദ്ധർ
3. രോഗികളും മരണാസന്നരും
4. അംഗവൈകല്യമുള്ളവർ
5. ബുദ്ധിമാന്ദ്യം വന്നുപോയതിന്റെ പേരിൽ അവഗണിക്കപ്പെ
ട്ട വരും നിരാലംബരുമായവർ

6. മാനസികാരോഗ്യം നഷ്ടപ്പെട്ടവർ

7. ചൂഷണത്തിനിരയാകുന്ന സ്ത്രീകളും കുട്ടികളും.

8. എയ്ഡ്സ്, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർ

9. ദരിദ്രരും ഭവനരഹിതരും

10. സമൂഹത്തിൽ അവഗണിക്കപ്പെട്ടവരും നീതി നിഷേധിക്കപ്പെട്ട വരും

11. യുദ്ധം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവ മൂലം വേദനിക്കുന്ന വർ.

12. ജയിൽവാസികളും ജയിൽവിമുക്തരും അവരുടെ ആശ്രിതരും.

ചെറിയ ത്യാഗങ്ങൾ ചെയ്ത് സമാഹരിക്കുന്ന സംഭാവനകൾ നൽകിയും ആതുരാലയങ്ങളും അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളും സന്ദർശിച്ചും പ്രാർത്ഥിച്ചും നമുക്കും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കുചേരാം.

## പ്രവർത്തനനിരതമാകുന്ന വിശ്വാസം –

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ
യെല്ലാം മാതൃക ഈശോയാണ്.

* സ്നേഹത്തിലൂടെ പ്രവർത്തനനിരതമാ
കുന്ന വിശ്വാസമാണ് ഇതിലൂടെ പ്രകടമാകു
ന്നത്.



* അനാഥർ, വയോവൃദ്ധർ, രോഗികൾ, മരണാസന്നർ, അംഗവൈകല്യമുള്ളവർ, ബുദ്ധിമാന്ദ്യം ഉള്ളവർ, മാനസികരോഗികൾ, ചൂഷണത്തിനിരയാകുന്നവർ, എയിഡ്സ് രോഗികൾ തുടങ്ങി സമൂഹത്തിലെ അവഗണിക്കപ്പെട്ടവരും വേദനിക്കുന്നവരുമായ എല്ലാവരെയും സഭ സഹായിക്കുന്നു.

* പ്രാർത്ഥിച്ചും, ചെറിയ ത്യാഗങ്ങളിലൂടെ സമ്പാദിക്കുന്ന പണം സംഭാവന ചെയ്തും ആതുരാലയങ്ങളും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങൾ സന്ദർശിച്ചും നമുക്കും സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കുചേരാം.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* സമൂഹത്തിൽ അവഗണിക്കപ്പെട്ടവരോട് പരിഗണന.

* അവരെ ഏതെങ്കിലുമൊക്കെ വിധത്തിൽ സഹായിക്കാനുള്ള സന്നദ്ധത.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* സമൂഹത്തിൽ പിന്നോക്കാവസ്ഥ പുലർത്തുന്ന വരെ പ്രത്യേകമായി പരി ഗണിക്കുന്നു.

* അവരെ സഹായിക്കാൻ മുൻകൈ എടുക്കുന്നു.

